**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.675** 29.10.2019-ൽ മറുപടിക്ക്

**തിരുവമ്പാടി മണ്ഡലത്തിലെ വൈദ്യുതി ഉല്പാദന, പ്രസരണ, വിതരണ പദ്ധതികൾ**

| | ചോദ്യം<br>ശ്രീ. ജോർജ് എം. തോമസ് | | മറുപടി<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | വൈദ്യുതോല്പാദനത്തിന് തിരുവമ്പാടി നിയോജക മണ്ഡലത്തിൽ നിലവിലുള്ള പദ്ധതി കൾ ഏതൊക്കെയാണെന്ന് വിശദ മാക്കാമോ; | (എ) | തിരുവമ്പാടി നിയോജക മണ്ഡലത്തിൽ നിലവിലുള്ള വൈദ്യുതി നിലയങ്ങൾ താഴെ പറയുന്നു.<br>ഉറുമി-1, ഉറുമി- 2 , ചെമ്പുകടവ് -1 , ചെമ്പുകടവ്- 2 . |
| (ബി) | പ്രസ്തുത പദ്ധതികളുടെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ; | (ബി) | നിലവിലുള്ള നാല് ജലവൈദ്യുത പദ്ധതികളും പ്രവർത്തിക്കുന്നു. ഉറുമി 1 (3.75 മെഗാവാട്ട്) ഉറുമി - 2 (2.4 മെഗാവാട്ട്), ചെമ്പുകടവ് - 1 (2.7 മെഗാവാട്ട്), ചെമ്പുകടവ് - 2 (3.75 മെഗാവാട്ട്) വൈദ്യുതി ഉല്പാദിപ്പിക്കുന്നു |
| (സി) | ടി നിയോജകമണ്ഡലത്തിലെ വൈദ്യുതി പ്രസരണ - വിതരണ പദ്ധതികളുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ? | (സി) | തിരുവമ്പാടി മണ്ഡലത്തിൽ, ദ്യുതി 2021 എന്ന വിതരണ ശൃംഖല നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി നാലുവർഷങ്ങളിലായി 39.42 കോടി രൂപയുടെ പ്രവൃത്തികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ഇതിൽ 2018-19 വർഷത്തിൽ 5.49 കി.മീ എച്ച്.റ്റി ലൈൻ നിർമ്മാണം, 5.02 കി.മീ എൽ.റ്റി ലൈൻ നിർമ്മാണം, 0.21 കി.മീ എൽ.റ്റി. കൺവേർഷൻ, 6 എണ്ണം ട്രാൻസ്ഫോർമർ സ്ഥാപിക്കൽ എന്നിവയും, 2019-20 വർഷത്തിൽ, 2.45 കി.മീ എൽ.റ്റി ലൈൻ നിർമ്മാണം, 1.63 എൽ.റ്റി. കൺവേർഷൻ എന്നീ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. ദ്യുതി 2021 പദ്ധതിയിൽ ഉൾപ്പെട്ട ബാക്കി പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.<br>**പ്രസരണ മേഖലയിലെ പദ്ധതികൾ**<br>തമ്പലമണ്ണ 33 കെ.വി സബ്സ്റ്റേഷൻ 110 കെ.വി ആയി അപ്ഗ്രേഡ് ചെയ്യുന്ന പ്രവൃത്തിയും അഗസ്ത്യാർമുഴി 110 കെ.വി തമ്പലമണ്ണ കേബിൾ ഇടുന്ന പ്രവൃത്തിയും പുരോഗമിച്ചു വരുന്നു. കൂടാതെ അടിവാരത്ത് ഒരു പുതിയ 110 കെ.വി സബ്സ്റ്റേഷൻ സ്ഥാപിക്കുവാനുള്ള നടപടികൾ എടുത്തുവരുന്നു. |

സെക്ഷൻ ഓഫീസർ